മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 3

# വാർത്താക്കുറിപ്പ്

---

## അന്തർദേശീയ വെബിനാർ

പട്ടിക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ജനങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും ശ്രേണീബദ്ധ അസമത്വം ഇന്ത്യൻ ജാതി വ്യവസ്ഥയുടെ ഇന്നും തുടരുന്ന ഒരു യഥാർഥ്യമാണെന്ന് യു.ജി.സി. മുൻ ചെയർമാനും ജവഹർലാൽ നെഹ്റു സർവ്വകലാശാല പ്രൊഫസർ എമെറിറ്റസ്സുമായ സുഖ്ദേവ് തോറാട്ട് പറഞ്ഞു.
മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അയ്യൻകാളി ചെയറും ഇൻർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസേർച്ചും സംയുക്തമായി സംഘടിപ്പിച്ച 'ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ജാതി' എന്ന വിഷയത്തെക്കുറിച്ചുള്ള ത്രിദിന അന്താരാഷ്ട്ര വെബിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ദളിതർക്ക് സാമൂഹിക സാമ്പത്തിക അവകാശങ്ങൾ നിഷേധിക്കുന്നതും അവരെ അശുദ്ധിയുടെ പേരിൽ അകറ്റി നിർത്തുന്നതും ഈ വിഭാഗങ്ങളുടെ ഇരട്ട അധ:സ്ഥിതാവസ്ഥയ്ക്ക് കാരണമാകുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഭരണഘടനാപരമായി തൊട്ടുകൂടായ്മ നിരോധിച്ചിട്ടുണ്ടെങ്കിലും കാലാകാലങ്ങളിൽ ഇത് സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും പട്ടിക വിഭാഗം ജനങ്ങൾ മനുഷ്യ വിഭവ വികസന സൂചികകളിൽ വളരെ താഴെയാണ്. ആളോഹരി വരുമാനം, പോഷകാഹാരം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ഇതര സാമൂഹിക വിഭാഗങ്ങളിൽ നിന്നും മോശപ്പെട്ട അവസ്ഥയിലാണ് അവർ. ദാരിദ്ര്യത്തിന്റെ കണക്കെടുത്താൽ പട്ടിക വിഭാഗം ജനങ്ങളുടെ സ്ഥിതി ദയനീയമാണ്. സ്ത്രീകളുടെ അവസ്ഥയും ഒട്ടും മെച്ചപ്പെട്ടിട്ടില്ലെന്ന് തോട്ടറ പറഞ്ഞു.

പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ വെബിനാർ ഉദ്ഘാടനം ചെയ്തു. ദില്ലി ജാമിയ മില്ലിയ സർവ്വകലാശാലയിലെ കെ.ആർ. നാരായണൻ ചെയർ പ്രൊഫസർ പദ്മനാബ് സമരേന്ദ്ര, കാനഡയിലെ മൗണ്ടി സെന്റ് യൂണിവേഴ്സിറ്റി എമിരറ്റസ് പ്രൊഫസറും, എം.ജി. സർവ്വകലാശാല അയ്യങ്കാളി ചെയർ പ്രൊഫസറുമായ ജോസഫ് താരാമംഗലം, പ്രൊഫ. സനൽ മോഹൻ തുടങ്ങിയവർ സംസാരിച്ചു. വെബിനാർ വെള്ളിയാഴ്ച സമാപിക്കും.

(പി.ആർ.ഒ./39/249/2022)

## പരീക്ഷ മാറ്റി

മാർച്ച് 8, 10, 14 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി (2020 അഡ്മിഷൻ - റഗുലർ / 2019, 2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 21, 23, 25 തീയതികളിലേക്ക് മാറ്റി പുനക്രമീകരിച്ചു.

(പി.ആർ.ഒ./39/250/2022)

## ടെക്നിക്കൽ അസിസ്റ്റന്റ് - താൽകാലിക നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന് കീഴിലുള്ള ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിങ് ആന്റ് ജി.ഐ.എസ്. ൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ താൽകാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ജിയോളജി / എൻവയോൺമെന്റൽ സയൻസസ് / ഡിസാസ്റ്റർ മാനേജ്മെന്റ് എന്നിവയിലേതിലെങ്കിലുമുള്ള ബിരുദാനന്തര ബിരുദവും ജിയോ ഇൻഫോമാറ്റിക്സ്, ഓട്ടോകാഡ് എന്നിവയിൽ പരിജ്ഞാനവും ഉള്ളവർക്ക് അപേക്ഷിക്കാം. തെരഞ്ഞെടുക്കപ്പെടുന്നയാൾക്ക് പ്രതിമാസം 15000 രൂപ നിരക്കിൽ വേതനം ലഭിക്കും. ഇതിലേക്കുള്ള അപേക്ഷകൾ rsgismgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ മാർച്ച് 12 ന് വൈകിട്ട് അഞ്ച് മണി വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ ses.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/251/2022)

## പുതുക്കിയ പരീക്ഷാ തീയതി

2022 ജനുവരിയിൽ മാറ്റി വച്ച രണ്ടാം സെമസ്റ്റർ എം.എ. ഇക്കണോമെട്രിക്സ് / എം.എസ്.സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി (സി.എസ്.എസ്. - 2020 അഡ്മിഷൻ - റഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ്) (അഫിലിയേറ്റഡ് കോളേജ്) പരീക്ഷകൾ മാർച്ച് ഏഴിന് തുടങ്ങും. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/252/2022)

## അപേക്ഷ തീയതി നീട്ടി

ഒന്നാം വർഷ ബി.എസ്.സി. എം.ആർ.ടി. (2016 അഡ്മിഷൻ - സപ്ലിമെന്ററി, 2016 ന് മുൻപുള്ള അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള തീയതി നീട്ടി. പിഴയില്ലാതെ മാർച്ച് മൂന്ന് വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് നാലിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് അഞ്ചിനും അപേക്ഷിക്കാം.

(പി.ആർ.ഒ./39/253/2022)

## യു.ജി.സി. നെറ്റ് പരിശീലനം

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിന്റെ (ഐ.യു.സി.ഡി.എസ്.) ആഭിമുഖ്യത്തിലുള്ള യു.ജി.സി. നെറ്റ് പരിശീലനം മാർച്ച് 22 ന് ആരംഭിക്കും. കോഴ്സ് ഫീസ് 7000 രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9495213248.

(പി.ആർ.ഒ./39/254/2022)

## പരീക്ഷാ തീയതി

മാർച്ച് രണ്ടിന് ആരംഭിച്ച ഒന്നാം സെമസ്റ്റർ ബി.എ. / ബി.കോം. - പ്രൈവറ്റ് രജിസ്ട്രേഷൻ (സി.ബി.സി.എസ്. - 2020 അഡ്മിഷൻ - റഗുലർ / 2019, 2018, 2017 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷകളോടൊപ്പം മെത്തഡോളജി ഓഫ് സാൻസ്ക്രിറ്റ് ജനറൽ, ഫങ്ഷണൽ സാൻസ്ക്രിറ്റ്, വേദിക് ലിറ്ററേച്ചർ എന്നീ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തിയതായി മഹാത്മാഗാന്ധി സർവ്വകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/255/2022)

## പരീക്ഷാ ഫലം

2021 സെപ്റ്റംബറിൽ നടന്ന മൂന്നാം വർഷ ബി.ഫാം (2016 അഡ്മിഷൻ -പുതിയ സ്കീം - സപ്ലിമെന്ററി / 2016 ന് മുൻപുള്ള അഡ്മിഷൻ - പഴയ സ്കീം) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷ പഴയ സ്കീം വിദ്യാർത്ഥികൾ 370 രൂപ നിരക്കിലുള്ള ഫീസ് സഹിതവും സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷ പഴയ സ്കീം / പുതിയ സ്കീം വിദ്യാർത്ഥികൾ 160 രൂപ നിരക്കിലുള്ള ഫീസ് സഹിതവും മാർച്ച് 14 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ എത്തിക്കണം.

(പി.ആർ.ഒ./39/256/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ